# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4720 29.06.2012-ൽ മറുപടിയ്ക്ക്

## ഉമയനല്ലൂർ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. എ. അസീസ്** | | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ഉമയനല്ലൂർ ഗവൺമെന്റ് പ്രസ്സ് ഉദ്ഘാടനം കഴിഞ്ഞ് രണ്ട് വർഷത്തിലധികമായിട്ടും പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൂർണ്ണ പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | ഉണ്ട്. കൊല്ലം ഉമയനല്ലൂർ ഗവൺമെന്റ് പ്രസ്സിൽ ഒരു പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ, രണ്ട് ഹെവി ഡ്യൂട്ടി സ്റ്റിച്ചിംഗ് മെഷീനുകൾ എന്നിവ സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ബി) | ഒരു പ്രസ്സിന്റെ പ്രഥമ സെക്ഷനായ ഡി. റ്റി. പി. (കമ്പോസിംഗ്), പ്രൂഫ് റീഡിംഗ്, പ്ളേറ്റ് മേക്കിംഗ് എന്നിവ ഇവിടെ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല. തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച തീരുമാനമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | കൊല്ലം ഗവൺമെന്റ് പ്രസ്സിലേക്ക് മറ്റ് ജില്ലാ പ്രസ്സുകളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും സ്ഥലം മാറ്റത്തിനുവേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ നിയമന നടപടികൾ ഏതു ഘട്ടത്തിലായി; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത പ്രസ്സിന് ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിലേക്ക് നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ